"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പല്ലശ്ശന വി ഐ എം ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(സുവോളജി) ശ്രീമതി അർച്ചനാ അരവിന്ദാക്ഷൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി)നം. 23982/2021-മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 03.11.2021-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2305/2022/GEDN തീയതി,തിരുവനന്തപുരം, 07-04-2022

---

പരാമർശം:-

1. പാലക്കാട് പല്ലശ്ശന വി ഐ എം ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(സുവോളജി) ശ്രീമതി അർച്ചനാ അരവിന്ദാക്ഷന്റെ 12/01/2021-ലെ പുനപരിശോധനാ ഹർജി(Ext.P7)
2. ബഹു. കേരള ഹൈക്കോടതിയുടെ 03.11.2021-ലെ W.P.(C) No. 23982/2021 മേലുള്ള വിധിന്യായം.
3. മലപ്പുറം ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ മേധാവിയുടെ 017/02/2022 ലെ എച്ച്/4743/2019/ആർഡിഡി/എച്ച്എസ്സ്ഇ/എംഎൽ പിഎം/ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് പല്ലശ്ശന വി ഐ എം ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(സുവോളജി) ശ്രീമതി അർച്ചനാ അരവിന്ദാക്ഷൻ ഫയൽ ചെയ്ത ഡബ്ല്യൂ.പി(സി)നം. 23982/2021-ൽ ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സമർപ്പിച്ച Ext. P7( പരാമർശം 1) പുന: പരിശോധനാ ഹർജി ഹർജിക്കാരിയെയും 4, 5എതിൽ കക്ഷികളായ സ്കൂൾ മാനേജരെയും പ്രിൻസിപ്പലിനെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 18.02.2022-ന് കേട്ടു.

2. ഹർജിക്കാരിയുടെ എക്സിബിറ്റ് പി 7 ലെ ആവശ്യം ചുവടെ ചേർക്കുന്നു.

a) Higher Secondary section was sanctioned with effect from 13/8/2010 as per GO(Ms) 128/2010/GEdn. dated 2/7/2010. The school was sanctioned 1 science batch initially however additional batch was sanctioned to the school on 3/ 8/2011 by order GO(Ms) 167/2011/GEdn. dated 3 8 2011. It is submitted that with the sanction of additional batch a post of HSST natural science senior came to be created by operation of law. Needless to submit that HSST junior post automatically gets upgraded to HSST with the introduction of additional

batch in the school. However I was appointed as HSST junior natural Science from 11/2/2013. It is also relevant to submit that from 8/7/2013 there were sufficient periods to accommodate me as HSST senior. This was not properly addressed by the authority and my appointment came to be approved as HSST senior with effect from 17/12/2015 as per order number GO(Ms)No. 310/2015/G.EDN dated 17/12/2015.

b) It is most humbly submitted that going by the Government orders invoked consequent upon the introduction of second batch and upon the availability of sufficient period HSST junior post stands automatically upgraded and the incumbent appointed against the post will be placed in the higher time scale of HSST with all consequential benefits. Inevitably and essentially the situation demands predating my appointment as HSST Natural science with effect from 8/7/2013 the date on which sufficient periods were available in the school.

c) In the conspectus of the fact explained above I request to consider predating my appointment as HSST senior in natural science to 8/7/2013 and grant all consequential benefits.

3. മലപ്പുറം മേഖലാ ഹയർസെക്കൻഡറി വിഭാഗം ഉപഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) പ്രസ്തുത സ്കൂളിൽ 3/8/2011 ലെ ജി ഒ (എം എസ്) നം. 168/2011 ഉത്തരവ് പ്രകാരം 2011-12 അധ്യയന വർഷം മുതൽ അനുവദിക്കപ്പെട്ട അധിക ബാച്ചിൽ 2011-12 അധ്യയനവർഷത്തിൽ വിദ്യാർഥികൾ ഇല്ലാത്തത് കാരണം പ്രവർത്തനക്ഷമം ആയിരുന്നില്ല. 2012-13 അധ്യയനവർഷത്തിൽകുട്ടികളുടെ അപര്യാപ്തത മൂലവും, 2011-12 അധ്യയനവർഷത്തിൽസംസ്ഥാനത്ത് അനുവദിക്കപ്പെട്ട അധിക ബാച്ചിൽ 2013-14 അധ്യയന വർഷം മുതൽ തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായപ്പോൾ പ്രസ്തുത സ്കൂളിൽ തസ്തിക സൃഷ്ടിച്ച് ഉത്തരവാകാത്തതു മൂലവും അധിക ബാച്ച് പ്രവർത്തനക്ഷമം ആയിരുന്നില്ല. 17-12-2015 ലെ ജി ഒ (എം എസ്) 310/2015 ഉത്തരവ് പ്രകാരമാണ് സ്കൂളിലെ ജൂനിയർ തസ്തികകൾ ആയ ഇംഗ്ലീഷ് ബോട്ടണി സുവോളജി തസ്തികകൾ അപ്ഗ്രേഡ് ചെയ്ത് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ തസ്തികകൾ മുൻകാലപ്രാബല്യം അനുവദിച്ചിരുന്നില്ല.

ബി) ടി സ്കൂളിലെ 2013/14 മുതൽ 2015/16 വരെയുള്ള കാലയളവിലെ സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിന് ഭാഗമായി 29/2/2016 ന് ഈ ഓഫീസിൽനിന്ന് വെരിഫിക്കേഷൻ നടത്തുകയും 2013-14 മുതൽ 2015-16 വരെയുള്ള തസ്തിക നിർണയ ഉത്തരവ് 11/3/2016 ഓഫീസിൽ നിന്നും പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. എന്നാൽ 17/12/2015 ജി ഓ (എം എസ്) 310/2015 ഉത്തരവ് പ്രകാരം അപ് ഗ്രേഡ് ചെയ്ത തസ്തികകളായ ഇംഗ്ലീഷ്, ബോട്ടണി, സുവോളജി എന്നിവയ്ക്ക് പ്രസ്തുത ഉത്തരവനുസരിച്ച് 17/12/2015 മുതൽ പ്രാബല്യം നൽകുന്നതിന് പകരം സ്കൂളിലെ തസ്തിക നിർണയ ഉത്തരവിൽ2013-14 മുതൽ തന്നെ എച്ച് എസ് എസ് ടി ബോട്ടണി സുവോളജി ഇംഗ്ലീഷ് എന്ന് തെറ്റായി രേഖപ്പെടുത്തപ്പെട്ട് പോയിട്ടുണ്ട്.

സി) മേൽ സാഹചര്യത്തിൽ ഈ കാര്യാലയത്തിലെ 13 3 2016 ലെ ജെ/8489/2016 നമ്പർ

പ്രകാരം അനുവദിക്കപ്പെട്ട 2013 14 മുതൽ 2015 16 വരെയുള്ള കാലയളവിൽ പ്രസ്തുത സ്കൂളിലെ തസ്തിക നിർണയ ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിരിക്കുകയാണ്. ആയതിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് 11.03 .2016 ലെ ഓഫീസിൽനിന്നും അനുവദിക്കപ്പെട്ട തസ്തിക നിർണയ ഉത്തരവ് റദ്ദുചെയ്തു 2013- 14 മുതൽ 2015-16 വരെ പ്രസ്തുത സ്കൂളിലെ പുതിയ തസ്തിക നിർണയ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

4. സർക്കാർ ഇക്കാര്യം ഹിയറിങ്ങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ / ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. എച്ച് എസ് എസ് ടി നാച്ചുറൽ സയൻസ് ആയി 17/12/2015 മുതൽ നിയമന അംഗീകാരം ലഭിച്ചിട്ടുള്ള ഹർജിക്കാരിക്ക് ആയത് പുതുക്കി 8/7/2013 മുതൽ മുൻകാല പ്രാബല്യത്തോടെ നൽകണമെന്നതാണ് എക്സിബിറ്റ് പി 7-ലെ ആവശ്യം. തനിക്ക് നിലനിൽക്കുന്നതിന് ആവശ്യമായ തസ്തിക 8/7/2013 മുതൽ തന്നെ മേഖല വിദ്യാഭ്യാസ ഉപഡയറക്ടർ തസ്തിക നിർണയ ഉത്തരവിൽ അനുവദിച്ചു തന്നിട്ടുണ്ട് എന്നും അതിനാൽ അന്നുമുതൽ തന്നെ നിയമന അംഗീകാരത്തിന് അർഹതയുണ്ട് എന്നുമാണ് ഹർജിക്കാരിയുടെ വാദം. ഇക്കാര്യം പരിശോധിച്ചു. 3/08/2011 ലെ സർക്കാർ ഉത്തരവ് പ്രകാരം 2011-12 അധ്യയന വർഷം മുതൽ അധിക ബാച്ച് അനുവദിച്ചിരുന്നു എങ്കിലും വിദ്യാർഥികൾ ഇല്ലാത്തത് കാരണം ആയത് പ്രവർത്തനക്ഷമം ആയിരുന്നില്ല എന്ന് മേഖല ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നുണ്ട്. 2012-13 ലും കുട്ടികളുടെ അപര്യാപ്തതമൂലം തസ്തിക പ്രവർത്തനക്ഷമം ആയിരുന്നില്ല. കൂടാതെ, 2013-14 അധ്യയനവർഷം മറ്റുള്ള സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു എങ്കിലും ഹർജിക്കാരിയുടെ സ്കൂളിൽ സൃഷ്ടിച്ച് ഉത്തരവായിരുന്നില്ല. പിന്നീട് 17/12/2015 ലെ ഉത്തരവ് പ്രകാരമാണ് പ്രസ്തുത സ്കൂളിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തു ഉത്തരവായത്. എന്നാൽ പ്രസ്തുത തസ്തികകൾക്ക് മുൻകാലപ്രാബല്യം ആ ഉത്തരവിൽ അനുവദിച്ചിരുന്നില്ല. അശ്രദ്ധമൂലം ഇക്കാര്യം കണക്കിലെടുക്കാതെ മേഖല വിദ്യാഭ്യാസ ഉപഡയറക്ടർ പ്രസ്തുത തസ്തികകൾക്ക് 17/12/2015 മുതൽ പ്രാബല്യം നൽകുന്നതിന് പകരം 2013-14 മുതൽ തന്നെ തെറ്റായി രേഖപ്പെടുത്തി തസ്തിക നിർണയ ഉത്തരവ് പുറപ്പെടുവിച്ചുപോയി. ഈ ക്രമരാഹിത്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പ്രസ്തുത തസ്തിക നിർണയ ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ സമർപ്പിച്ചുവെന്നും ആയത് അവിടെ പരിഗണനയിൽ ഇരിക്കുകയാണെന്നും മേഖല ഉപമേധാവി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ക്രമരഹിതമായി പുറപ്പെടുവിച്ച തസ്തിക നിർണയ ഉത്തരവ് റദ്ദ് ചെയ്തു 2013-14 മുതൽ 2015-16 വരെ പ്രസ്തുത സ്കൂളിന് പുതിയ തസ്തിക നിർണയ ഉത്തരവ് അനുവദിക്കുന്നതാണെന്നും മേഖല ഉപമേധാവി റിപ്പോർട്ട് ചെയ്യുന്നു.

5. മേൽവിവരിച്ച സാഹചര്യത്തിൽ മേഖല ഉപമേധാവി തെറ്റായി അനുവദിക്കപ്പെട്ട തസ്തികകൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടി ക്രമം നടന്നു വരുന്നതായി റിപ്പോർട്ട് ഉള്ളതിനാൽ അപ്രകാരമുള്ള ക്രമരഹിതമായ തസ്തിക ചൂണ്ടിക്കാണിച്ച്, അതിലേക്ക് തന്റെ നിയമനത്തിന് അംഗീകാരം മുൻകാലപ്രാബല്യത്തോടെ നൽകണമെന്ന ഹർജിക്കാരിയുടെ ആവശ്യം പരിഗണനാർമല്ലാത്തതിനാലും അനുവദിക്കപ്പെട്ട തസ്തിക ഇല്ലാത്ത കാലയളവിലേക്ക് നിയമന അംഗീകാരം നൽകുവാൻ നിർവാഹമില്ലാത്തതിനാലും തസ്തിക നിലനിൽക്കുന്നു എന്ന വാദത്തിനു കാരണം മേൽ സൂചിപ്പിച്ചതുപോലെ മേഖല ഉപമേധാവി തെറ്റായി തസ്തിക നിർണയ ഉത്തരവ് പുറപ്പെടുവിച്ചത് മൂലമാണ് എന്നതിനാൽ ആയത് തിരിച്ചറിഞ്ഞ് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്ന ഈ സാഹചര്യത്തിൽ മുൻ തസ്തിക നിർണയ ഉത്തരവ് വഴി നിലനിൽക്കുന്നതായ തസ്തികയെ അടിസ്ഥാനമാക്കി ഹർജിക്കാരി

ഉയർത്തുന്ന വാദം അംഗീകരിക്കാൻ കഴിയാത്തതിനാൽ പാലക്കാട് പല്ലശ്ശന വി ഐ എം ഹയർ സെക്കന്ററി സ്കൂളിലെ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ(സുവോളജി) ശ്രീമതി അർച്ചനാ അരവിന്ദാക്ഷൻ ഫയൽ ചെയ്ത പരാമർശം 1 പുന:പരിശോധനാ ഹർജി(Ext.7) നിരസിച്ച് തീർപ്പാക്കി, അപ്രകാരം പരാമർശം 2 കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം)
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, തിരുവനന്തപുരം
ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ മേധാവി,
സിവിൽ സറ്റേഷൻ(ബ്ലോക്ക്-2), മലപ്പുറം,
മാനേജർ, വി ഐ എം ഹയർ സെക്കന്ററി സ്കൂൾ, പല്ലശ്ശന, പാലക്കാട്.
പ്രഥമാദ്ധ്യാപിക, വി ഐ എം ഹയർ സെക്കന്ററി സ്കൂൾ,
പല്ലശ്ശന, പാലക്കാട്.
ശ്രീമതി അർച്ചനാ അരവിന്ദാക്ഷൻ, ഹയർ സെക്കന്ററി സ്കൂൾ
ടീച്ചർ(സുവോളജി), വി ഐ എം ഹയർ സെക്കന്ററി സ്കൂൾ,
പല്ലശ്ശന, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 08-04-2022 11:13:25**
സെക്ഷൻ ഓഫീസർ